## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1466 | 31/10/2019 ൽ മറുപടിക്ക്

## ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം

**ചോദ്യം**
**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം നടപ്പാക്കുന്നുണ്ടോ; അതിന്റെ ഉദ്ദേശങ്ങൾ വ്യക്തമാക്കുമോ; | (എ) | കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക, പോക്ക് വരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കടാസ്ട്രൽ സർവെ ആധുനീകരിക്കുക, സർവെ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങൾ മുൻ നിർത്തി, ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കുന്നതിനു വേണ്ടി 25/6/2018 ലെ സ.ഉ (എം.എസ്) 236/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേരള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുള്ളതും, പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | സംസ്ഥാനത്ത് റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീസർവെ പൂർത്തിയായിട്ടുണ്ട്. കൂടാതെ 30 വില്ലേജുകളുടെ റീസർവെ ജോലികൾ |

| | | | |
|---|---|---|---|
| | | | വില്ലേജുകളുടെ റീസർവെ ജോലികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (സി) | റീ സർവ്വേ നടന്ന സ്ഥലങ്ങളിൽ ഇതു സംബന്ധിച്ച് ഉണ്ടായിട്ടുള്ള വ്യാപക പരാതി പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി / അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | 26-08-2017 ലെ സ.ഉ(എം.എസ്) 303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീസർവെ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുള്ളതും, ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ച് വരുന്നതുമാണ്. ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേക്കായി താലൂക്കിൽ ലാവണമുള്ള സർവെ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവെ ജീവനക്കാരെ റീസർവെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകിവരുന്നു. |
| (ഡി) | സംസ്ഥാനത്ത് അടിസ്ഥാന ഭൂനികുതി രജിസ്ട്രേഷൻ ഡേറ്റാ ഡിജിറ്റൈസ് ചെയ്ത്, പൂർണ്ണ തോതിൽ ഓൺലൈനായി പോക്കുവരവ്, നികുതി സ്വീകരിക്കൽ എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ അടിസ്ഥാന ഭൂനികുതി വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ആകെയുള്ള 1664 വില്ലേജുകളിൽ, 1649 വില്ലേജുകളിലെ പോക്കുവരവ്, നികുതി സ്വീകരിക്കൽ എന്നിവ ഓൺലൈൻ ആയി നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (ഇ) | ബി.റ്റി.ആർ. രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തുകയും എന്നാൽ 30 വർഷങ്ങൾക്ക് മുമ്പ് തന്നെ പ്രസ്തുത സ്ഥലം നികത്തി വീട് വച്ച് വീട്ട്കരം അടയ്ക്കുകയും ചെയ്തുവരുന്നവർ പ്രസ്തുത വീട് പുനർനിർമ്മിക്കുവാനായി അനുമതിക്ക് അപേക്ഷിക്കുമ്പോൾ നിലം ആണെന്ന പേരിൽ അനുമതി നിഷേധിക്കുന്ന സാഹചര്യത്തിൽ ഇത്തരം പരാതികൾ പരിഹരിക്കുവാനും ബി.റ്റി.ആർ | (ഇ) | 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 2 (xvii എ) പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്ന വിഭാഗത്തിലാണ് ഇത്തരം ഭൂമി ഉൾപ്പെടുന്നത്. ആയതിനാൽ പ്രസ്തുത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി അതായത് റവന്യൂ രേഖകളിൽ തരം മാറ്റുന്നതിനായി, ടി നിയമപ്രകാരമുള്ള ചട്ടങ്ങളിലെ, ചട്ടം 12-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം, ഭൂമിയുടെ |

| | | | |
|---|---|---|---|
| | രേഖകളിൽ കാലാനുസൃതമായ മാറ്റം കൊണ്ടുവരുവാനും നടപടി സ്വീകരിക്കുമോ? | | വിസ്തീർണ്ണം 20.23 ആർ വരെയാകുന്ന സംഗതിയിൽ, ടി ചട്ടങ്ങൾക്ക് അനുബന്ധമായുള്ള ഫാറം 6-ലും , 20.23 ആറിൽ കൂടുതലാകുന്ന സംഗതിയിൽ ഫാറം 7-ലും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷ അനുവദിക്കുന്ന പക്ഷം, ടി ചട്ടങ്ങൾക്ക് അനുബന്ധമായി നൽകിയിരിക്കുന്ന പട്ടിക പ്രകാരമുള്ള നിശ്ചിത ഫീസ് അടവു വരുത്തി ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്താവുന്നതും, നിയമങ്ങൾക്കും ചട്ടങ്ങൾക്കനുസൃതമായി പ്രസ്തുത ഭൂമിയിലുള്ള വീട് പുനർനിർമ്മിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ